കേരള സ്റ്റേറ്റ് ഐ. ടി. ഇൻഫ്രാസ്ട്രക്ചറിന്റെ പ്രവർത്തനം

20 (2490) ശ്രീ. എ. എ. ഷുക്കൂർ :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. എ. പി. അനിൽ കുമാർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതിയ ഐ.ടി. പാർക്കുകളുടെ വികസനത്തിനായി സംസ്ഥാന സർക്കാർ രൂപം നൽകിയ സംരക്ഷണ കമ്പനിയായ കേരള സ്റ്റേറ്റ് ഐ.ടി. ഇൻഫ്രാസ്ട്രക്ചർ (കെ.എസ്.ഐ.റ്റി.ഐ.) ന്റെ പ്രവർത്തനം ഇപ്പോൾ ഏതുഘട്ടത്തിലാണ് ;

(ബി) ഇതിന്റെ പ്രവർത്തന മൂലധനമായി ഇതുവരെ എത്ര കോടി രൂപ സ്വരൂപിക്കാനായി എന്നറിയിക്കുമോ ;

(സി) സർക്കാരിന്റെ വിഹിതമായി എത്ര കോടി രൂപാ ഇതുവരെ ഈ കമ്പനിക്കായി മുടക്കി എന്ന് അറിയിക്കുമോ ;

(ഡി) 49% ഓഹരികൾക്കായുള്ള ധനസമാഹരണത്തിന് ഇതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചു ;

(ഇ) ഈ കമ്പനിയിൽ ഏതൊക്കെ സ്വകാര്യ സംരംഭകർ ഇതുവരെ ഓഹരി പങ്കാളികളായിട്ടുണ്ട് ;

(എഫ്) പൊതുജനങ്ങൾക്കായി എത്ര ശതമാനം ഓഹരികളാണ് ഇതു വരെ നൽകിയത് ;

(ജി) ഇതിന്റെ ധനസമാഹരണത്തിനായി പബ്ലിക് ഇഷ്യുവിലൂടെ ഓഹരി വിതരണം നടത്തിയിരുന്നുവോ ; എങ്കിൽ ഇതുസംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് ഐ. ടി. ക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിന് രൂപീകരിച്ചിട്ടുള്ള കേരള സ്റ്റേറ്റ് ഐ. ടി. ഇൻഫ്രാസ്ട്രക്ചർ കമ്പനിയുടെ പ്രവർത്തന ഫലമായി 10 പുതിയ ഐ. ടി. പാർക്കുകൾകൂടി ആരംഭിക്കുവാൻ സാധിച്ചു. ഇതിൽ ഇൻഫോപാർക്ക് കൊരട്ടി, ഇൻഫോപാർക്ക് ചേർത്തല, ടെക്നോപാർക്ക് കൊല്ലം എന്നിവിടങ്ങളിലെ ആദ്യ ഐ. ടി. കെട്ടിടങ്ങൾ പ്രവർത്തനത്തിന് തുറന്നുകൊടുക്കാൻ കഴിഞ്ഞു. ബാക്കി സ്ഥലങ്ങളിലും പ്രവർത്തനം ആരംഭിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇൻഫോപാർക്ക് ചേർത്തല, അമ്പലപ്പുഴ, ടെക്നോപാർക്ക് കൊല്ലം, സൈബർപാർക്ക് കണ്ണൂർ എന്നിവ പ്രത്യേക സാമ്പത്തിക മേഖലയായി പ്രഖ്യാപിച്ച് വിജ്ഞാപനം വന്നു കഴിഞ്ഞു. സൈബർപാർക്ക് കോഴിക്കോട്, കാസർഗോഡ് എന്നിവിടങ്ങളിൽ പ്രത്യേക സാമ്പത്തിക മേഖലയ്ക്ക് അനുമതിയും ലഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

KSITIL-ന്റെ മറ്റൊരു സംരംഭമാണ് ടെക്നോലോഡ്ജ് പദ്ധതി. പൈലറ്റ് പദ്ധതിയായി രണ്ട് ടെക്നോലോഡ്ജുകൾ കൊല്ലം ജില്ലയിലെ കടയ്ക്കലും പെരിനാടും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. മറ്റ് ഒമ്പത് സ്ഥലങ്ങളിൽകൂടി ആരംഭിക്കാൻ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി & സി) ഈ കമ്പനി രജിസ്റ്റർ ചെയ്തിരിക്കുന്നത് സർക്കാരിന്റെ 51% ഓഹരി പങ്കാളിത്തവും ബാക്കി 49% ഐ. ടി. കമ്പനികൾ സാമ്പത്തിക സ്ഥാപനങ്ങൾ, പ്രവാസികൾ തുടങ്ങിയവരുടെ ഓഹരി പങ്കാളിത്തവും ലക്ഷ്യമിട്ടാണ്. 2010-11 വരെ കമ്പനിയിലെ സർക്കാരിന്റെ ഓഹരി പങ്കാളിത്തമായി നൽകിയ 50.85 കോടി രൂപയും കമ്പനിക്ക് കൈമാറിയ ഭൂമിയുടെ സ്ഥലവിലയായി നിശ്ചയിച്ചിട്ടുള്ള 55.7692 കോടി രൂപയുമാണ് സർക്കാരിന്റെ മുതൽ മുടക്ക്.

(ഡി) 49% ഓഹരിക്കുവേണ്ടി നിക്ഷേപകരെ കണ്ടെത്താൻ അറേഞ്ചേഴ്സായി M/s SBI Caps-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അതിലേയ്ക്കുള്ള അസറ്റ് വാല്യുവേഷൻ പുരോഗമിച്ചുവരുന്നു.

(ഇ) ഇപ്പോൾ സ്വകാര്യ സംരംഭകർ പങ്കാളികളായിട്ടില്ല

(എഫ് & ജി) പബ്ലിക് ഇഷ്യൂവിലൂടെ ഓഹരി വിതരണം നടത്തിയിട്ടില്ല.

സ്മാർട്ട് സിറ്റി കരാർ വ്യവസ്ഥകളിലെ മാറ്റം

21 (2492) ശ്രീ. മാങ്കോട് രാധാകൃഷ്ണൻ :
ശ്രീ. പി. തിലോത്തമൻ :
ശ്രീ. കെ. രാജു :
ശ്രീ. വി. എസ്. സുനിൽ കുമാർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സ്മാർട്ട് സിറ്റി കരാർ ഒപ്പുവച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് ഒപ്പുവച്ചതെന്ന് വ്യക്തമാക്കുമോ ;

(ബി) മുൻ സർക്കാരിന്റെ കാലത്ത് നിശ്ചയിച്ചിരുന്ന വ്യവസ്ഥകളിൽനിന്നും എന്തെല്ലാം മാറ്റങ്ങളാണ് ഇപ്പോഴത്തെ കരാറിലുള്ളതെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) കേരള സർക്കാരും TECOM FZ-LLC യുമായി 13-5-2007-ലാണ് പ്രെയിംവർക്ക് എഗ്രിമെന്റ് ഒപ്പുവച്ചത്. പകർപ്പ് അനുബന്ധം I ആയി വച്ചിരിക്കുന്നു.*

(ബി) മുൻ സർക്കാർ തയ്യാറാക്കിയിരുന്ന കരട് കരാറിന്റെ പകർപ്പ് അനുബന്ധം II ആയി വച്ചിരിക്കുന്നു.*

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly